**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 549** **11-07-2024 - ൽ മറുപടിയ്ക്ക്**

**കാര്യക്ഷമവും ശാസ്ത്രീയവുമായ ശിശു വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ എം മുകേഷ് ,<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രീപ്രൈമറി സ്കൂളുകളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ പ്രീപ്രൈമറി സ്കൂളുകളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനായുള്ള നടപടികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. പ്രീപ്രൈമറി മേഖലയിലെ പാഠ്യപദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. 'ശൈശവകാല പരിചരണവും വികാസവും' എന്ന പേരിൽ പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആദ്യമായാണ് ഈ മേഖലയിൽ ഒരു പാഠ്യപദ്ധതി ചട്ടക്കൂടിന് രൂപം നൽകുന്നത്. വീടിന്റെ അന്തരീക്ഷത്തിൽ നിന്ന് ലഭ്യമാകുന്ന പരിചരണം, പോഷണം, സംരക്ഷണം തുടങ്ങിയവയുടെ തുടർച്ചയും വളർച്ചയും ഉറപ്പുവരുത്തുന്നതും, കുട്ടിയുടെ സമഗ്രവും നിരന്തരവുമായ വികാസത്തിന് അടിത്തറ പാകുന്നതിനും, വികാസമേഖലകളുടെ സ്വാഭാവിക വളർച്ചയ്ക്കുവേണ്ടിയുള്ള പഞ്ചേന്ദ്രിയാനുഭവങ്ങൾ ലഭ്യമാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസത്തിന് കുട്ടിയെ പ്രാപ്തനാക്കുന്നതിനും പ്രീപ്രൈമറി വിദ്യാഭ്യാസം ലക്ഷ്യം വെക്കുന്നു. സമഗ്രശിക്ഷാ കേരളം സ്റ്റാർസ് പദ്ധതി മുഖേന സംസ്ഥാനത്ത് പ്രീപ്രൈമറി മേഖലയിൽ 1108 'വർണ്ണകൂടാരങ്ങൾ' നിർമ്മിക്കുന്ന പദ്ധതി പുരോഗമിച്ചുവരികയാണ്. കൂടാതെ മോഡൽ പ്രീപ്രൈമറി കേന്ദ്രങ്ങളും ആരംഭിക്കും. ഇവിടങ്ങളിൽ ഭാഷാ വികാസയിടം, ഗണിതയിടം, വരയിടം, കുഞ്ഞരങ്ങ്, അകം പുറം കളിയിടങ്ങൾ എന്നിവയും സജ്ജമാക്കുന്നുണ്ട്. |
| (ബി) | കുട്ടികളുടെ ശാരീരിക മാനസിക വികാസത്തിന് ഉപയുക്തമാകും വിധം എന്തെല്ലാം ഘടകങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്; വിശദാംശം നൽകാമോ; | (ബി) | സംസ്ഥാനത്ത് ആദ്യമായിട്ടാണ് പ്രീപ്രൈമറി തലത്തിൽ പാഠ്യപദ്ധതി ചട്ടക്കൂടിന് രൂപം നൽകുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള പാഠപുസ്തകങ്ങൾ ഈ വർഷം തന്നെ പരിഷ്കരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | **പൂർത്തീകരിക്കും. കളികളിൽ അധിഷ്ഠിതമായ പാഠ്യപദ്ധതിയാണ് രൂപീകരിച്ചിരിക്കുന്നത്. ശിശുമനഃശാസ്ത്രം, കുട്ടിയുടെ പ്രകൃതം, താൽപര്യം തുടങ്ങിയവ പരിഗണിച്ചുകൊണ്ടുള്ള പാഠപുസ്തകങ്ങളും ലഭ്യമാകും. ഭാഷാവികാസം, ആവിഷ്കാരശേഷി, ആശയവിനിമയ നൈപുണി, സാമൂഹിക വികാസം എന്നിവ ലക്ഷ്യമിട്ട് കളി, കഥ, പാട്ട്, അഭിനയം എന്നിങ്ങനെയുള്ള പഠനരീതികൾ പ്രീപ്രൈമറി വിദ്യാലയങ്ങളിൽ പ്രാവർത്തികമാക്കുന്നതിനാണ് ഭാഷാവികാസ ഇടം, ഗണിത ഇടം, വരയിടം, കുഞ്ഞരങ്ങ്, അകം പുറം കളിയിടങ്ങൾ എന്നിവ സജ്ജീകരിച്ചിട്ടുള്ളത്.** |
| (സി) | ഓരോ കുട്ടിയുടേയും സാമൂഹികവും വൈകാരികവും സമഗ്രവുമായ ക്ഷേമത്തിന് അടിത്തറ പാകുന്നതിൽ പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമായിട്ടുണ്ട്; വിശദമാക്കാമോ? | (സി) | **സ്കൂൾ വിദ്യാഭ്യാസത്തിന് പ്രായമായ മുഴുവൻ കുട്ടികളും കേരളത്തിൽ ഒന്നാം ക്ലാസിൽ ചേരുവാൻ പ്രാപ്തമാക്കുന്നതിന് പ്രീ പ്രൈമറി മേഖലയിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ സഹായകമായിട്ടുണ്ട്. വീടിന്റെ അന്തരീക്ഷത്തിൽ നിന്ന് ലഭ്യമാകുന്ന പരിചരണം, പോഷണം, സംരക്ഷണം തുടങ്ങിയവയുടെ തുടർച്ചയും വളർച്ചയും ഉറപ്പുവരുത്തുന്നതും, കുട്ടിയുടെ സമഗ്രവും നിരന്തരവുമായ വികാസത്തിന് അടിത്തറ പാകുന്നതിനും പ്രസ്തുത പദ്ധതികൾ സഹായകമായിട്ടുണ്ട്. നിലവിലുള്ള പദ്ധതികളും, ഇപ്പോൾ ആരംഭിച്ചിട്ടുള്ള പദ്ധതികളും ഓരോ കുട്ടിയുടേയും സമഗ്രമായ വികാസം ലക്ഷ്യമിട്ടിട്ടുള്ളതാണ്.** |

സെക്ഷൻ ഓഫീസർ